(സി) ചെറുകിട കർഷകർക്ക് ബജറ്റിൽ പ്രഖ്യാപിച്ച പലിശ രഹിത വായ്പ ലഭ്യമാക്കിയിരുന്നോയെന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ഡി) ചെറുകിട കർഷകർക്കായി കൂടുതൽ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷിവകുപ്പ് മുഖേന കേരളത്തിലെ പ്രധാന വിളകളുടെ വ്യാപനം, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവക്കായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം കൊണ്ടുള്ള വിളനാശത്തിന് നഷ്ട പരിഹാരമായി വിള ഇൻഷ്വറൻസ് പദ്ധതി, കർഷക ക്ഷേമത്തിനായി കർഷക പെൻഷൻ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശരഹിത വായ്പ പദ്ധതി സഹകരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ സഹകരണ വകുപ്പിൽ നിന്ന് ശേഖരിച്ച് നല്കുന്നതാണ്.

(ഡി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ പരിഹരിച്ച് ചെറുകിട കർഷകർക്ക് കൂടുതൽ സഹായം ലഭ്യമാക്കുവാനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നത്.

നാളികേര വിലയിടിവ്

180 (1652) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വില ഇടിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം നഷ്ടമുണ്ടാകുന്ന കേര കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം കൃഷി ഭവനുകളിലൂടെ നടത്തുന്നുണ്ടോ ; കിലോഗ്രാമിന് എത്ര രൂപ നൽകിയാണ് കർഷകരിൽ നിന്നും തേങ്ങ സംഭരിക്കുന്നത് ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളികേരത്തിന് വിലയിടിവ് ഇപ്പോഴുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരകർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും കൃഷിഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം സംസ്ഥാനത്തെ 11 ജില്ലകളിലെ (ഇടുക്കി, വയനാട്, തിരുവനന്തപുരം ഒഴികെയുള്ള) തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ നടത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് ഇപ്പോൾ കർഷകരിൽ നിന്നും തേങ്ങ സംഭരിക്കുന്നത്.

കയ്യാട് കൃഷി വികസനം

181 (1653) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്യാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ സ്ഥലം സന്ദർശിച്ച് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്യാട് സമഗ്ര കൃഷി വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; കയ്യാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നിവിടങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കയ്യാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ 11-11-2015-ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഈ വിഷയത്തിലുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.